## ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 24.09.2025**

## പ്രധാനവാർത്തകൾ

1. കപ്പൽ നിർമ്മാണത്തിനും, സമുദ്ര ആവാസവ്യവസ്ഥയുടെ പുനരുജ്ജീവനത്തിനുമായി 69,725 കോടി രൂപയുടെ സമഗ്ര പാക്കേജിന് അംഗീകാരം നൽകി കേന്ദ്ര മന്ത്രിസഭായോഗം. രാജ്യത്ത് മെഡിക്കൽ വിദ്യാഭ്യാസ സീറ്റുകൾ വർദ്ധിപ്പിക്കാനും തീരുമാനം.
2. കൊച്ചി കളമശ്ശേരിയിൽ ജുഡീഷ്യൽ സിറ്റി സ്ഥാപിക്കാൻ സംസ്ഥാന മന്ത്രിസഭ അനുമതി നൽകി.
3. സംസ്ഥാനത്തെ നെൽ കർഷകരുടെ പ്രശ്നം പരിഹരിക്കുന്നതിനായി കൃഷി മന്ത്രാലയം നിയോഗിച്ച കേന്ദ്രസംഘം ഇന്ന് കുട്ടനാട് സന്ദർശിച്ചു.
4. പാലക്കാട് വ്യവസായ സ്മാർട്ട് സിറ്റിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതായി സംസ്ഥാന സർക്കാർ.
5. സംസ്ഥാനത്ത് വരുംദിവസങ്ങളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ നാളെ മുതൽ മത്സ്യബന്ധനത്തിന് വിലക്ക്.
6. ഏഷ്യാ കപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് ബംഗ്ലാദേശിനെ നേരിടും.

RNU TVPM

****************************************

## അശ്വിനി വൈഷ്ണവ് (ഇൻട്രോ )

രാജ്യത്തെ കപ്പൽ നിർമ്മാണം, സമുദ്ര ആവാസവ്യവസ്ഥയുടെ പുനരുജ്ജീവനം എന്നിവയ്ക്കായി 69,725 കോടി രൂപയുടെ സമഗ്ര പാക്കേജിന് അംഗീകാരം നൽകി കേന്ദ്ര മന്ത്രിസഭായോഗം. ആഭ്യന്തര ശേഷി വികസനം, നിക്ഷേപ സാധ്യത വർദ്ധിപ്പിക്കൽ, ഗ്രീൻഫീൽഡ്, ബ്രൗൺഫീൽഡ് ഷിപ്പ്യാഡുകളുടെ വികസനം എന്നിവയാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് മന്ത്രിസഭാ തീരുമാനങ്ങൾ വിശദീകരിച്ചുകൊണ്ട് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു . രാജ്യത്തെ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ ബിരുദ, ബിരുദാനന്തര സീറ്റുകൾ വർദ്ധിപ്പിക്കാനും മന്ത്രിസഭ തീരുമാനിച്ചു. ഇതിൻറെ ഭാഗമായി അയ്യായിരം വീതം പിജി സീറ്റുകളും, MBBS സീറ്റുകളും കേന്ദ്ര സഹായത്തോടെ പുതുതായി സൃഷ്ടിക്കും.

( ഹോൾഡ് വോയിസ് )

റെയിൽവേ ജീവനക്കാർക്ക് 78 ദിവസത്തെ ശമ്പളം ബോണസായി നൽകാനും കേന്ദ്ര മന്ത്രിസഭ തീരുമാനിച്ചു.

RNU TVPM

*************************************************

## മന്ത്രിസഭായോഗ തീരുമാന ങ്ങൾ

കൊച്ചി കളമശ്ശേരിയിൽ ജുഡീഷ്യൽ സിറ്റി സ്ഥാപിക്കുന്നതിന് തത്വത്തിൽ അനുമതി നൽകി സംസ്ഥാന മന്ത്രിസഭായോഗം. എച്ച്എംടി ലിമിറ്റഡിൻ്റെ കൈവശമുള്ള 27 ഏക്കർ ഭൂമി ഇതിനായി ഏറ്റെടുക്കും. പ്രാരംഭ നടപടികൾ ആരംഭിക്കുന്നതിനും, കേന്ദ്ര സഹായം ലഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനും ആഭ്യന്തര വകുപ്പിനെ യോഗം ചുമതലപ്പെടുത്തി. 12 ലക്ഷത്തിലധികം ചതുരശ്ര അടിയിൽ, ആധുനിക സംവിധാനങ്ങളോട് കൂടിയ ജുഡീഷ്യൽ സിറ്റിയാണ് കളമശ്ശേരിയിൽ വിഭാവനം ചെയ്യുന്നത്. കേരള

പൊതുസേവനാവകാശ ബില്ലിൻറെ കരടും മന്ത്രിസഭ അംഗീകരിച്ചു. സംസ്ഥാനത്തെ സർവ്വകലാശാല നിയമങ്ങളിൽ, സിൻഡിക്കേറ്റ് യോഗം ചേരുന്നതുമായി ബന്ധപ്പെട്ട് പുതിയ വ്യവസ്ഥ കൂട്ടിചേർക്കുന്നതിനുള്ള കരട് ബില്ലിനും അംഗീകാരമായി.

************************************

## കേന്ദ്ര സംഘം- ആലപ്പുഴ (ഇൻട്രോ)

കേരളത്തിലെ നെൽ കർഷകരുടെ പ്രശ്നം പരിഹരിക്കുന്നതിനായി കൃഷി മന്ത്രാലയം നിയോഗിച്ച കേന്ദ്രസംഘം ഇന്ന് കുട്ടനാട്ടിൽ സന്ദർശനം നടത്തി. കേന്ദ്ര കാർഷിക മന്ത്രാലയം ജോയിൻറ് സെക്രട്ടറി എസ് രുഗ്മിണിയുടെ നേതൃത്വത്തിലുള്ള ഏഴംഗ സംഘമാണ് സന്ദർശനം നടത്തിയത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ (വോയിസ്)**

************************************

## മുഖ്യമന്ത്രി

ബംഗളൂരു വ്യാവസായിക ഇടനാഴിയുടെ ആദ്യ നോഡായ പാലക്കാട് സ്മാർട്ട് സിറ്റിയുടെ അടിസ്ഥാന സൗകര്യവികസനത്തിനുള്ള ടെണ്ടർ നടപടികൾ കേരളം പൂർത്തിയാക്കി. കഴിഞ്ഞ വർഷം രാജ്യത്ത് അനുവദിക്കപ്പെട്ട 12 വ്യാവസായിക ഇടനാഴികളിൽ, അടിസ്ഥാനസൗകര്യവികസനത്തിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുന്ന ആദ്യ സംസ്ഥാനമായി ഇതോടെ കേരളം മാറി. 1,316 കോടി രൂപയ്ക്കാണ് കരാർ ഒപ്പിട്ടത്. നിർമ്മാണ പ്രവർത്തനങ്ങൾ ഉടനെ ആരംഭിക്കും.

************************************

## സ്വസ്ഥ് നാരി സശക്ത് പരിവാർ

സ്ത്രീകളുടെ ആരോഗ്യം ഉറപ്പുവരുത്തുന്നതിലൂടെ കുടുംബങ്ങളെ ശക്തമാക്കാൻ ലക്ഷ്യമിടുന്ന സ്വസ്ഥ് നാരി സശക്ത് പരിവാർ

RNU TVPM

ക്യാമ്പയിൻറെ ഭാഗമായി, തിരുവനന്തപുരം വെള്ളനാട് സാമൂഹിക ആരോഗ്യകേന്ദ്രത്തിൽ സ്ത്രീകൾക്കായി ആരോഗ്യ ക്യാമ്പ് സംഘടിപ്പിച്ചു. ഗൈനക്കോളജി, പീഡിയാട്രിക്സ് എന്നീ വിഭാഗങ്ങളിലായിരുന്നു ഇന്ന് പരിശോധന നടന്നത്. രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ സംഘടിപ്പിച്ച ക്യാമ്പിൻറെ ഭാഗമായി അർബുദ രോഗനിർണയം, ജീവിതശൈലീ രോഗനിർണയം, പ്രതിരോധ കുത്തിവെപ്പ്, കുട്ടികൾക്കുള്ള വൈറ്റമിൻ മരുന്നുവിതരണം എന്നിവ നടന്നു.

***************************************

## ജി.എസ്.ടി

ജി.എസ്.ടി ഘടനാ പരിഷ്ക്കാരങ്ങൾ രാജ്യത്ത് തിങ്കളാഴ്ച മുതൽ നിലവിൽ വന്നതോടെ നിത്യോപയോഗ സാധനങ്ങൾ ഉൾപ്പെടെ 400 ലധികം ഉത്പന്നങ്ങൾക്ക് വില കുറഞ്ഞു. പുതു തലമുറ ജി.എസ്.ടി പരിഷ്കാരങ്ങളിലൂടെ ആരോഗ്യ മേഖലയിൽ കേന്ദ്ര സർക്കാർ ഗണ്യമായ നികുതി ഇളവുകളാണ് വരുത്തിയിട്ടുള്ളത്. ആരോഗ്യ, ലൈഫ് ഇൻഷുറൻസ് പ്രീമിയങ്ങളെ ജി.എസ്.ടിയിൽ നിന്നും ഒഴിവാക്കി. കാൻസർ, ഗുരുതര രോഗങ്ങൾ എന്നിവയ്ക്കുള്ള 33 ജീവൻ രക്ഷാ മരുന്നുകളുടെ നികുതിയും ഒഴിവാക്കിയിട്ടുണ്ട്. മെഡിക്കൽ ഉപകരണങ്ങളുടെ നികുതിയും 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറച്ചു.

***************************************

## സ്വച്ഛത ഹി സേവ

സ്വച്ഛത ഹി സേവ കാമ്പയിന് രാജ്യത്ത് മികച്ച വരവേൽപ്. വിപുലമായ പരിപാടികളാണ് രാജ്യമെമ്പാടും ഇതിൻറെ ഭാഗമായി നടക്കുന്നത്. മാലിന്യ നിർമാർജ്ജന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുക, അനധികൃത മാലിന്യ നിക്ഷേപ സ്ഥലങ്ങൾ കണ്ടെത്തി ശുചീകരിക്കുക തുടങ്ങി നിരവധി പ്രവർത്തനങ്ങൾ ഗാന്ധിജയന്തി ദിനം വരെ നീളുന്ന കാമ്പയിനിലൂടെ നടന്നു വരുന്നു.

***************************************

RNU TVPM

## സേവാ പർവ് (ഇൻട്രോ)

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കി രാജ്യത്ത് പരിവർത്തനവും പുരോഗതിയും കൊണ്ടുവരുന്നതിനായി കേന്ദ്ര സർക്കാർ എഐ മിഷനിലൂടെ സ്വീകരിച്ച നടപടികളാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ 'സേവ പർവിൽ' ഇന്ന്. (മ്യൂസിക് + വോയിസ്)

*********************************************

## അനൗൺസ്മെൻറ്

സേവാ പർവിൻറെ ഭാഗമായി ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താവിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക ചർച്ച നാളെ ഉച്ച തിരിഞ്ഞ് 3.30 ന് പ്രക്ഷേപണം ചെയ്യും. ഡിജിറ്റൽ ഇന്ത്യ ആധാർ മുതൽ എഐ വരെ എന്ന വിഷയത്തെ കുറിച്ച് കേരള സർവകലാശാല മുൻ പ്രൊഫസറും സി-ഡിറ്റ് മുൻ ഡയറക്ടറുമായ ഡോ. അച്യുത് ശങ്കർ സംസാരിക്കും.

*********************************************

RNU TVPM

## മഹാരാഷ്ട്ര ആരോഗ്യ മന്ത്രി

കേരളത്തിൻറെ ആരോഗ്യ രംഗത്തെ പ്രവർത്തനങ്ങൾ മാതൃകാപരമാണെന്ന് മഹാരാഷ്ട്ര ആരോഗ്യ മന്ത്രി പ്രകാശ് അഭിത്കർ. സംസ്ഥാനത്തെ ആശുപത്രികൾ സന്ദർശിച്ച ശേഷം ആരോഗ്യ വകുപ്പുമായി നടത്തിയ ചർച്ചയിലാണ് മഹാരാഷ്ട്ര ആരോഗ്യ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിലുള്ളസംഘം കേരളത്തെ അഭിനന്ദിച്ചത്. മന്ത്രി വീണാ ജോർജുമായും സംഘം കൂടിക്കാഴ്ച നടത്തി.

*********************************************

## പ്രശാന്ത് ബാലകൃഷ്ണൻ നായർ

ഇന്ത്യയുടെ അഭിമാനമായ ഗഗൻയാൻ ദൗത്യത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട വ്യോമസേന ക്യാപ്റ്റൻ പ്രശാന്ത് ബാലകൃഷ്ണൻ നായർ തിരുവനന്തപുരം തൈക്കാട് മോഡൽ ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥികളുമായി സംവദിച്ചു. ബഹിരാകാശത്തേക്കുള്ള തന്റെ സ്വപ്നയാത്രയെക്കുറിച്ചുള്ള

പ്രതീക്ഷകൾ അദ്ദേഹം കുട്ടികളുമായി പങ്കുവെച്ചു. നിറഞ്ഞ കൈയടിയോടെയാണ് വിദ്യാർത്ഥികൾ അദ്ദേഹത്തെ സ്വീകരിച്ചത്.

************************************

## വൈലോപ്പിള്ളി

വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ വിജയദശമി ദിനത്തോടനുബന്ധിച്ച് ഒക്ടോബർ 2ന് രാവിലെ 8 മുതൽ സംഘടിപ്പിക്കുന്ന ആദ്യാക്ഷരവേദിയിൽ കുഞ്ഞുങ്ങളെ ആദ്യാക്ഷരം എഴുതിക്കും. കെ.ജയകുമാർ, അച്യുത് ശങ്കർ എസ് , രാജശ്രീ വാര്യർ എന്നിവർ ഗുരുക്കന്മാരായി എത്തും. കുഞ്ഞുങ്ങളെ എഴുത്തിനിരുത്താൻ താൽപര്യമുള്ളവർക്ക് വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ സൗജന്യമായി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

************************************

RNU TVPM

## മഴ-കേരളം

സംസ്ഥാനത്ത് വരുംദിവസങ്ങളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ആലപ്പുഴ, എറണാകുളം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ഏഴ് ജില്ലകളിൽ നാളെയും മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ നാളെ മുതൽ ഈ മാസം 27 വരെ മത്സ്യബന്ധനത്തിന് പോകരുതെന്നാണ് മുന്നറിയിപ്പ്. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കേരളതീരത്ത് കടലാക്രമണത്തിനും സാധ്യതയുണ്ട്.

മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

************************************

## ഏഷ്യാ കപ്പ്

ഏഷ്യാ കപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് ബംഗ്ലാദേശിനെ നേരിടും. ദുബായ് ഇൻറർനാഷണൽ സ്റ്റേഡിയത്തിൽ രാത്രി 8 മണിക്കാണ് മത്സരം. ഏഷ്യാകപ്പ് ഫൈനൽ പ്രവേശനം ലക്ഷ്യമിട്ടാണ്, സൂപ്പർ ഫോറിലെ രണ്ടാം മത്സരത്തിനായി ഇന്ത്യ ഇന്നിറങ്ങുന്നത്.